"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലെ ലാ ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ, ശ്രീമതി പ്രിയ കൃഷ്ണൻ (പെൻ: 724195)-നെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.160/2025/F&CS തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:-

1. 10/05/2013-തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ
2. നിയമ (ഭരണ-I) വകുപ്പിന്റെ 23/05/2025-തീയതിയിലെ AD-I(2)/94/2025-LAW നമ്പർ അനൗദ്യോഗിക കുറിപ്പ്.
3. സപ്ലൈക്കോ അഡീഷണൽ ജനറൽ മാനേജർ (പി&എ)-യുടെ 26/05/2025 തീയതിയിലെ KSCSC/555/2025-D1(ADMN) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലെ ലാ ഓഫീസറായിരുന്ന ശ്രീമതി. താജ് മോൾ എസ്.എച്ച് ന്റെ അന്യത്ര സേവന കാലാവധി 31/03/2025-ൽ പൂർത്തിയായ സാഹചര്യത്തിൽ ടി ഉദ്യോഗസ്ഥയെ സപ്ലൈക്കോ കേന്ദ്ര കാര്യാലയത്തിൽ നിന്നും 29/03/2025 അപരാഹ്നത്തിൽ വിടുതൽ ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി നിയമ വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീമതി പ്രിയ കൃഷ്ണൻ (പെൻ: 724195) സമർപ്പിച്ച അപേക്ഷ നിരാക്ഷേപ സാക്ഷ്യ പത്രം സഹിതം നിയമ വകുപ്പിൽ നിന്നും ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. KSR ഭാഗം - I, ചട്ടം 144, അന്യത്ര സേവന വ്യവസ്ഥകൾക്കും, പരാമർശം (1) സർക്കുലറിലെ നിർദ്ദേശങ്ങൾക്കും വിധേയമായി, നിയമ വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീമതി പ്രിയ കൃഷ്ണൻ (പെൻ: 724195)-നെ അന്യത്ര സേവന വ്യവസ്ഥയിൽ സപ്ലൈക്കോയിലെ ലാ ഓഫീസറായി ഒരു വർഷ കാലയളവിലേയ്ക്ക് നിയമിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

INDULEKHA I V

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ് :

ചെയർമാൻ / മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി.

ബന്ധപ്പെട്ട ഉദ്യോഗസ്ഥ (നിയമ വകുപ്പ് മുഖാന്തരം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / ഇ&എ) കേരള, തിരുവനന്തപുരം.
നിയമ (ഭരണ-I) വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

Signed by
Kavitha Kumari. I. S
Date: 04-06-2025 11:01:19